**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 416**

**02.12.2014 ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കോച്ചുകൾ നിർമ്മിച്ചു നല്കുവാനുള്ള ടെണ്ടർ

ചോദ്യം

ശ്രീ. സാജു പോൾ

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| | | | | |
|---|---|---|---|---|
| (എ) | കൊച്ചി മെട്രോറെയിൽ പദ്ധതിക്ക് കോച്ചുകൾ നിർമ്മിച്ചുനല്കുവാനുള്ള ടെണ്ടർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ ; | (എ) | | സ്വീകരിച്ചിട്ടുണ്ട് 11-03-2014 ൽ |
| (ബി) | ടെണ്ടറിൽ ഏതെല്ലാം കമ്പനികൾ പങ്കെടുക്കുകയുണ്ടായി ; യോഗ്യത നേടിയ കമ്പനികൾ ഏതൊക്കെ; ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | | റോട്ടം - ബീഇഎംഎൽ കൺസോർഷ്യം, കൺസോർഷ്യം ഓഫ് അൽസ്റ്റോം ട്രാൻസ്പോർട്ട് ഇന്ത്യ ലിമിറ്റഡ് ആന്റ് അൽസ്റ്റോം എസ്.എ., എന്നീ രണ്ടു കമ്പനികൾ പങ്കെടുക്കുകയും യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്.<br>ഇതിൽ റോട്ടം ബീഇഎംഎൽ കൺസോർഷ്യം 874,34,70,497/- രൂപയും കൺസോർഷ്യം ഓഫ് എടിഐഎൽ ആന്റ് എടിഎസ്എ 679,72,43,191/- രൂപയും ക്വാട്ട് ചെയ്തിട്ടുമുണ്ട്. |
| (സി) | ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഏത് കമ്പനിയുടെ എത്ര തുകയ്ക്കുള്ള ടെണ്ടറാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ടെണ്ടറിൽ കൂടുതൽ മത്സരം ഉണ്ടാകുന്നതിനായി സ്വീകരിച്ച നടപടി എന്തായിരുന്നു; | (സി) | | പൂർത്തിയായിട്ടുണ്ട്.<br>കൺസോർഷ്യം ഓഫ് അൽസ്റ്റോം ട്രാൻസ്പോർട്ട് ഇന്ത്യ ലിമിറ്റഡ് ആന്റ് അൽസ്റ്റോം എസ്.എ. യുടെ 679,72,43,191/- രൂപയുടെ ടെണ്ടറാണ് അംഗീകരിച്ചത്.<br>ടെണ്ടറിൽ കൂടുതൽ മത്സരം ഉണ്ടാകുന്നതിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്: |
| | | | 1 | മെട്രോ കോച്ചുകളുടെ വീതി 2.9 മീറ്ററിൽ കൂടാത്ത വിധത്തിൽ, സിവിൽ സ്ട്രക്ചറിന്റെ പൊതുവായ പ്രതലത്തിന്റെ അളവുകൾ ഉൾപ്പെടെ ഇതര അളവുകൾ ക്രമീകരിച്ചു. |
| | | | 2 | മെട്രോ കോച്ചുകളുടെ നിർമ്മാണത്തിന് ഉപ കരാറുകൾ നൽകുന്നതിന് അനുവദിച്ചു. |
| | | | 3 | ആദ്യ മാതൃകാ ട്രെയിനുകൾ (Prototype Trains) സപ്ലൈ ചെയ്യുന്നതിനുള്ള സമയപരിധി ആറാഴ്ചക്കാലത്തേക്ക് നീട്ടി |

| | | | | |
|---|---|---|---|---|
| | | | | നൽകി, അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധികളിലും സമാനമായ മാറ്റം അനുവദിച്ച് നല്കി. |
| | | | 4 | യോഗ്യതാ മാനദണ്ഡമെന്ന നിലയിൽ മെട്രോ കോച്ചുകളുടെ നിർമ്മാണം നിർവ്വഹിക്കുന്ന രാജ്യങ്ങൾക്ക് വെളിയിൽ കരാറിലേർപ്പെട്ട ഇതര 3 വ്യത്യസ്ത രാജ്യങ്ങളിലെ കരാറുകളിൽ ഏറ്റവും കുറഞ്ഞത് 50 കോച്ചുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്ന സമയപരിധി 5 വർഷത്തിൽ നിന്നും 3 വർഷമായി കുറച്ചു. |
| | | | 5 | ബി.എം.ആർ.സി.എൽ ആവിഷ്കരിച്ച കൈൻമാറ്റിക് എൻവലപ്പുകളുമായി (Kinematic Envelop) പൂർണ്ണമായി താദാത്മ്യം പ്രാപിക്കണമെന്ന നിബന്ധനകളിൽ ഇളവ് വരുത്തി, കൈൻമാറ്റിക് എൻവലപ്പുകളിൽ വ്യതിരിക്തത പുലർത്തുന്ന ഇതര വിതരണക്കാരെക്കൂടി അവരുടെ തനതായ ഡിസൈനുകൾ സമർപ്പിച്ച് ലേലത്തിൽ പങ്കെടുപ്പിക്കുന്നതിന് അവസരം നല്കി. |
| | | | 6 | മെട്രോ കോച്ചിന്റെ നീളം നേരത്തെ നിശ്ചയിച്ച 22 മീറ്ററിൽ നിന്നും 23 മീറ്ററായി കൂട്ടി നിജപ്പെടുത്തി. |
| | | | 7 | ട്രെയിനിന്റെ ആകെ നീളം 65 മീറ്ററിൽ നിന്നും 70 മീറ്ററാക്കി ഉയർത്തി നിശ്ചയിച്ചു. |
| | | | 8 | കോച്ചുകളുടെ ആക്സിൽ ലോഡ് നേരത്തെ നിശ്ചയിച്ച 15 ടണ്ണിൽ നിന്നും 16 ടണ്ണായി വർദ്ധിപ്പിച്ചു. |
| (ഡി) | സെലക്റ്റ് ചെയ്ത കമ്പനി ഇന്ത്യയിൽ മറ്റേതെല്ലാം പദ്ധതികൾക്ക് കോച്ചുകൾ സപ്ലൈ ചെയ്യുവാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് പരിശോധിക്കുകയുണ്ടായോ; ഏതെല്ലാം പദ്ധതികൾക്ക് എന്ത് നിരക്കുകളിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നറിയാമോ ; ഇതു സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ ? | (ഡി) | | പരിശോധിക്കുകയുണ്ടായി, പക്ഷേ ചെന്നൈ മെട്രോയ്ക്ക് വിതരണം നൽകിയ നിരക്ക് ലഭ്യമല്ല.<br>കൊച്ചി മെട്രോ പ്രൊജക്റ്റിന് റോളിംഗ് സ്റ്റോക്ക് സംഭരിക്കുന്ന ചുമതല ഡിഎംആർസി ക്കാണ്. കൊച്ചിൻ മെട്രോ കോച്ചുകളുടെ സംഭരണ വില ബാംഗ്ലൂർ മെട്രോക്ക് വിതരണം ചെയ്ത വിലയെക്കാൾ മൊത്തത്തിൽ 27.98 % കുറവോ അഥവാ കോച്ച് 1 ന് 3.52 കോടി രൂപ കുറവോ ആണ് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ